## പതിനാലാം കേരളനിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.905 — 25.01.2018 ന് മറുപടിയ്ക്ക്.

### വന്യമൃഗ ഇടനാഴി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ.എ.നെല്ലിക്കുന്ന്<br>പ്രൊ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.ടി.വി.ഇബ്രാഹിം<br>ശ്രീ.കെ.എം.ഷാജി | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പമന്ത്രി) |
| (എ) വന്യമൃഗങ്ങൾക്ക് ഒരു വനമേഖലയിൽ നിന്നും മറ്റൊരു മേഖലയിലേക്ക് തടസ്സമില്ലാത്ത രീതിയിൽ സഞ്ചരിക്കുന്നതിനായി വന്യമൃഗ ഇടനാഴി ആവശ്യമാണെന്ന നിർദ്ദേശം ഉയർന്നു വന്നിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) ഇത് സംബന്ധിച്ച വൈൽഡ് ലൈഫ് ട്രസ്റ്റ് ഓഫ് ഇന്ത്യ നടത്തിയ പഠനത്തിൽ കേരളത്തിന്റെ വനം മേഖലയിൽ 5 ആനത്താരകൾ കണ്ടെത്തുകയും ആയത് "Right of Passage : Elephant Corridors of India" എന്ന പേരിൽ വൈൽഡ് ലൈഫ് ട്രസ്റ്റ് ഓഫ് ഇന്ത്യ പ്രസിദ്ധീകരിച്ച പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമാകുന്നു. |
| (സി) എങ്കിൽ ഏതെല്ലാം മേഖലകളെ പരസ്പരം ബന്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) ഉത്തരം (ബി)യിൽ പരാമർശിച്ചിരിക്കുന്ന പഠനം പ്രകാരം താഴെ പട്ടികയിൽ പറയുന്ന ആനത്താരകൾ വിഭാവനം ചെയ്യുന്നു. |

| ക്രമ നം. | ആനത്താരയുടെ പേര് | വില്ലേജ് |
|---|---|---|
| 1 | നിലമ്പൂർ കോവിലകം - ന്യൂ അമരമ്പലം | വഴിക്കടവ് - കാരക്കോട്, നിലമ്പൂർ നോർത്ത് ഡിവിഷൻ - നിലമ്പൂർ സൗത്ത് ഡിവിഷൻ |
| 2 | പേര്യ - പക്രംതളം | പക്രംതളം, പാനോത്ത്, നിരവിൽപ്പുഴ, പേര്യ റിസർവ്വ് വടക്ക്, തെക്ക് ഭാഗം |
| 3 | തിരുനെല്ലി - കുദ്രക്കോട് | വയനാട് വന്യജീവി സങ്കേതം, നോർത്ത് വയനാട് ഡിവിഷൻ |
| 4 | കൊട്ടിയൂർ - പേര്യ | നോർത്ത് വയനാട് ഡിവിഷൻ പേര്യ |

| | | |
|---|---|---|
| | | പാൽച്ചുരം റിസർവ്വ്, കൊട്ടിയൂർ വന്യജീവി സങ്കേതത്തിന്റെ കൊട്ടിയൂർ റിസർവ്വ് |
| 5 | നിലമ്പൂർ-അപ്പൻകാവ് | നിലമ്പൂർ നോർത്ത്, സൗത്ത് ഡിവിഷൻ (അപ്പൻകാവ്, മുണ്ടേരി). |

ഇതു കൂടാതെ അന്തർസംസ്ഥാന സംരക്ഷിത വനമേഖലകളിലുമായി ചേർന്നു കിടക്കുന്ന രണ്ട് ആനത്താരകൾ കൂടി പ്രതിപാദിച്ചിട്ടുണ്ട്.

| | | |
|---|---|---|
| 1 | മുതുമല-നിലമ്പൂർ Vio Ovalley | മുതുമല കടുവാ സങ്കേതം, നിലമ്പൂർ നോർത്ത് ഡിവിഷൻ |
| 2 | ബെല്ലൂർ - ബ്രഹ്മഗിരി | ബ്രഹ്മഗിരി വന്യജീവി സങ്കേതം - വയനാട് വന്യജീവി സങ്കേതം - നാഗർഗഹൊളെ കടുവ സങ്കേതം. |

സെക്ഷൻ ഓഫീസർ